**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 831** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>വന്യജീവി ആക്രമണങ്ങളും പരിഹാരങ്ങളും</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി. പി. അഷ്റഫലി

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി)

**(എ)** വന്യജീവി ആക്രമണങ്ങളിൽ ജീവഹാനി സംഭവിച്ചവർക്കും പരിക്കേറ്റവർക്കും നൽകുന്ന നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുന്നതിനും ആയത് വേഗത്തിലും സമയബന്ധിതമായും വിതരണം ചെയ്യുന്നതിനും എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മനുഷ്യ-വന്യജീവി സംഘർഷത്തിൽ ജീവൻ നഷ്ടപ്പെടുന്നവരുടെ ആശ്രിതർക്കും, പരിക്കേറ്റവർക്കും വിളനാശത്തിനും നിലവിൽ നൽകിവരുന്ന ധനസഹായം വർദ്ധിപ്പിക്കുന്ന വിഷയം പരിഗണനയിലാണ്.

നഷ്ടപരിഹാര അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കാൻ പ്രത്യേക അദാലത്തുകളും സംഘടിപ്പിച്ചിട്ടുണ്ട്.

**(ബി)** നിലവിലുള്ള സർക്കാർ അധികാരമേറ്റ ശേഷം വനാതിർത്തികളിൽ വന്യമൃഗങ്ങൾ ഇറങ്ങുന്നത് തടയുന്നതിനായി സോളാർ ഫെൻസിംഗ്, കിടങ്ങുകൾ, ക്രാഷ് ഗാർഡ് സ്റ്റീൽ ഫെൻസിംഗ് എന്നിവ സ്ഥാപിക്കുന്നതിന് ഇതുവരെ എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും ആയതിന്റെ നിർമ്മാണ പുരോഗതി എന്താണെന്നും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ, വന്യമൃഗങ്ങൾ വനാതിർത്തി വിട്ട് ജനവാസ മേഖലയിലേക്ക് ഇറങ്ങുന്നത് തടയുന്നതിനായി സോളാർ ഫെൻസിംഗ്, കിടങ്ങുകൾ, ക്രാഷ് ഗാർഡ് ഫെൻസ്, സോളാർ ഹാങ്ങിംഗ് ഫെൻസ് എന്നിവ സ്ഥാപിക്കുന്നതിനായി വിവിധ ഡിവിഷനുകൾക്ക് 1638.81 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതാണ്. ഇത് പ്രകാരമുള്ള പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

**(സി)** ജനവാസ മേഖലകളിൽ ഇറങ്ങുന്ന വന്യമൃഗങ്ങളെ പിടികൂടുന്നതിനും നിരീക്ഷിക്കുന്നതിനുമായി ദ്രുതകർമ്മ സേനകളുടെ (ആർ.ആർ.ടി) പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്?

**<u>മറുപടി:</u>** ജവനാസമേഖലയിൽ എത്തിപ്പെടുന്ന വന്യമൃഗങ്ങളെ ദ്രുതഗതിയിൽ നിരീക്ഷിക്കുന്നതിനും വനത്തിലേക്ക് തിരികെ കയറ്റിവിട്ട് പൊതുജനങ്ങൾക്ക് സുരക്ഷ ഒരുക്കുന്നതിനും സംവിധാനം ചെയ്തിട്ടുള്ളതാണ്. റാപിഡ് റെസ്പോൺസ് ടീം അഥവാ ദ്രുതകർമ്മ സേന (ആർ.ആർ.ടി.). ദ്രുതകർമ്മ

സേനകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ചുവടെ പറയുന്ന പ്രവർത്തികൾ ചെയ്തിട്ടുള്ളതാണ്.

- സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയുടെ ഭാഗമായി പുതുതായി 25 ആർ.ആർ.ടി.കളെക്കൂടി രൂപീകരിച്ച് വിന്യസിച്ചിട്ടുണ്ട്.
- മനുഷ്യ-വന്യമൃഗ സംഘർഷം കൂടുതലായി അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ സ്പെഷ്യൽ റിസർവ് ഫോഴ്സുകൾ രൂപീകരിച്ചിട്ടുണ്ട്.
- തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ മെട്രോ റെസ്പോൺസ് ടീമുകൾ രൂപീകരിച്ചു.
- RRT കളുടെ സഹായത്തിനായി പതിനാല് ലാൻഡ്സ്കേപ്പുകളിലും ഡ്രോൺ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്.
- ആർ.ആർ.ടി.കളുടെ പ്രവർത്തനത്തിന് ആവശ്യമായ വാഹനങ്ങൾ, ആധുനിക സുരക്ഷാ ഉപകരണങ്ങളും ആയുധങ്ങളും, വാർത്താ വിനിമയ ഉപകരണങ്ങൾ, നിരീക്ഷണോപാധികൾ, റെസ്ക്യൂ എക്വിപ്മെന്റ് തുടങ്ങിയവ ആവശ്യാനുസരണം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
- ആർ.ആർ.ടി.കൾക്ക് ആവശ്യമായ ടൂൾ റൂമുകൾ, വിശ്രമ മുറികൾ എന്നിവ ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
- ആർ.ആർ.ടി. അംഗങ്ങൾക്ക് ആവശ്യമായ പരിശീലനങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**